**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 55** **23-02-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിന് രക്ഷാപാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ എം വിൻസെൻറ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക ക്രമക്കേടിനെ തുടർന്ന് പ്രതിസന്ധിയിലായ കരുവന്നൂർ സഹകരണ ബാങ്കിനെ സംരക്ഷിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേടിന് ഉത്തരവാദികളാ യവരിൽ നിന്നും സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുറ്റാരോപിതരുടെ ആസ്തികൾ Criminal Law Amendment Ordinance- 1994 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. സാമ്പത്തിക ക്രമക്കേടിനെ തുടർന്ന് പ്രതിസന്ധിയിലായ കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സമർപ്പിച്ചിട്ടുള്ള സാമ്പത്തിക പാക്കേജ് സർക്കാർ പരിശോധിച്ച് വരികയാണ്. കരുവന്നൂർ സഹകരണ ബാങ്കിലെ കുടിശ്ശിക വായ്പകൾ ഈടാക്കുന്നതിനായി പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കുള്ള അപേക്ഷ സർക്കാരിന്റെ പരിഗണന യിലാണ്. ബാങ്കിലെ കുടിശ്ശിക വായ്പകൾ ഈടക്കുന്നതിനായി ഊർജിത ശ്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്ക് ഒരു സ്പെഷ്യൽ സെയിൽആഫീസറെ ചുമതലപ്പെട്ടു ത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബാങ്കിനെ രക്ഷിക്കാൻ 250 കോടിയുടെ രക്ഷാപാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഈ തുകയുടെ എത്ര ശതമാനമാണ് നിക്ഷേപകർക്ക് അനുവദിക്കാൻ തീരുമാനിച്ചിരിക്കുന്നത്; ബാക്കിയുള്ള തുക എപ്രകാരം വകയിരുത്താനാണ് തീരുമാനിച്ചിരിക്കുന്നത്; | (ബി) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായുള്ള സാമ്പത്തിക പാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും ജില്ലയിലെ സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിലൂടെയും ആണോ ഈ പണം കണ്ടെത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായുള്ള സാമ്പത്തിക പാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ബാങ്കിന്റെ കിട്ടാക്കടത്തിലുള്ള വായ്പകൾ കേരള ബാങ്ക് ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ഡി) | നിലവിൽ കരുവന്നൂർ സഹകരണ ബാങ്കിന്റെ കിട്ടാക്കടത്തിലുള്ള വായ്പകൾ കേരള ബാങ്ക് ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ഇ) | അഴിമതി നടത്തിയവരിൽ നിന്നും തുക ഈടാക്കുന്നുന്നതിന് പകരം സർക്കാർ ഖജനാവിൽ നിന്നും കേരള ബാങ്കിൽ നിന്നും തുക നൽകുന്നത് അഴിമതിക്ക് കൂട്ടു നിൽക്കുന്നതിന് തുല്യമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ ക്രമക്കേട് നടത്തിയ തുക അഴിമതി നടത്തിയവരിൽ നിന്നും ഈടാക്കുന്നതിനായി സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുകയും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) അന്വേഷണം പൂർത്തീകരിക്കുകയും ചെയ്തു. ടി ക്രമക്കേടിന് ഉത്തരവാദികൾ ആയവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ്, ക്രൈംബ്രാഞ്ച് എന്നിവർ നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുകൾ Criminal Law Amendment Ordinance 1944 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ രജിസ്ട്രാർ, ജില്ലാ ഗവ.പ്ലീഡർ, ജില്ലാ പോലീസ് മേധാവി, ക്രൈം ബ്രാഞ്ച് അധികാരികൾ, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) എന്നിവരുടെ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച് കണ്ടെത്തിയ സ്വത്തുക്കളുടെ വിവരം ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ